# ധ്വനി

# 2024



**GHSS BUDHANOOR**

# EDITORIAL BOARD

1. ANSON E JOHN

2. ANOOP M ANAND

3. SHEBIN JACKOB RENNY

4. KAUSHIK R P

5. ASHLY SARAMA SHAJI

6. AKSHYA K S

7. KARTHIK J S

# INDEX

| PAGE NO | |
|---|---|
| 1. | COVER PAGE |
| 2. | EDITORIAL BOARD |
| 3. | INDEX |
| 4. | DAIRY |
| 5. | DAIRY |
| 6. | DAIRY |
| 7. | STORY (MALAYALAM) |
| 8. | JALLIANWALABAGH (ഒരു അവലോഹനം) |
| 9. | DRAWING |
| 10. | DRAWING |
| 11. | POEM (ENGLISH) |
| 12. | DRAWING |
| 13. | STORY (MALAYALAM) |
| 14. | DRAWING |
| 15. | APPRECIATION |
| 16. | DRAWING |
| 17. | HISTORY OF BUDHANOOR |
| 18. | HISTORY OF BUDHANOOR |
| 19. | STORY (MALAYALAM) |
| 20. | RIDDILES |
| 21. | DRAWING (GANDHIJI) |
| 22. | DRAWING |
| 23. | DRAWING |
| 24. | POEM (MALAYALAM) |
| 25. | POEM (MALAYALAM) |

22/12/2023

വെള്ളി

ഇന്ന് ഞങ്ങളുടെ
സ്കൂളിൽ ക്രിസ്തുമസ്
ആഘോഷമായിരുന്നു.
ഞങ്ങളെല്ലാം പാട്ടു
പാടി, ടീച്ചർ കേക്ക്
മുറിച്ചു തന്നു
എല്ലാവരും ഡാൻസ് കളിച്ചു,നല്ല രസമായിരുന്നു

ARUNIMA TS

STD : 1



22/12/2023
FRIDAY

ഞാൻ രാവിലെ 7
മണിക്ക് എഴുന്നേറ്റ്
കുറച്ചു പഠിച്ചു ഇന്ന്
സ്കൂളിൽ നാലാം ക്ലാസ്സിൽ
ഒരു ചേച്ചിയുടെ പിറന്നാൾ
ആയിരുന്നു
മിട്ടായി കിട്ടി ഞങ്ങളുടെ
സ്കൂളിൽ കുറെ കൊച്ചുപട്ടി
കുഞ്ഞുങ്ങൾ ഉണ്ട്.



SREYA ELSA SHAJI
STD : 1

10/01/2024
ബുധൻ

ഞാൻ രാവിലെ 7
മണിക്ക് എഴുന്നേറ്റു
കുറച്ചു പഠിച്ചു.
ഇന്ന് സ്കൂളിൽ 4 - ക്ലാസിലെ
ഒരു ചേച്ചിയുടെ പിറന്നാൾ
ആയിരുന്നു. മിട്ടായി കിട്ടി,
ഞങ്ങളുടെ സ്കൂളിൽ കുറെ കൊച്ചു
പട്ടികുഞ്ഞികളുണ്ട്.

SHREYA ELSA SHAJI

STD : 1

# അമ്മ മുയലും കുഞ്ഞു മുയലും

ഒരിടത്ത് ഒരു അമ്മ മുയലും കുഞ്ഞും മുയലും കാട്ടിൽ വസിച്ചിരുന്നു. കുഞ്ഞു മുയലിന് അമ്മ മുയലിനെ ഒരുപാട് ഇഷ്ടമായിരുന്നു. അമ്മ മുയൽ എവിടെയൊക്കെ പോകുന്നു അവിടെയുണ്ടായിരിക്കും കുഞ്ഞു മുയലും. അങ്ങനെയിരിക്കെ ഒരു ദിവസം കുഞ്ഞുമുയൽ തന്റെ വീട്ടിൽ കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ അമ്മ മുയൽ ഭക്ഷണം തേടി കാട്ടിനുള്ളിലേക്ക് പോയി, കുറെ സമയം കഴിഞ്ഞപ്പോൾ കുഞ്ഞുമുയൽ ഉറക്കത്തിൽ നിന്നും ഉണർന്നു. അപ്പോഴേക്കും അമ്മയെ കാണാനില്ല എന്ന അറിഞ്ഞ നിമിഷത്തിൽ കുഞ്ഞു മുയലിനു ആകെ വെപ്രാളവും വിഷമവുമായി. കുറെ നേരം കാത്തിരുന്നിട്ടും കാണാനില്ല എന്നറിഞ്ഞപ്പോൾ തന്റെ അമ്മയെ തേടി അന്വേഷിച്ച് കാട്ടിലേക്ക് പോയി. നടന്ന് നടന്ന് കുഞ്ഞു മുയല് ക്ഷീണിതനാകുക മാത്രമല്ല അമ്മയെ കാണാത്തതിൽ വളരെയധികം വിഷമവുമായി. അങ്ങനെയിരിക്കെ അമ്മ തിരികെ ഭക്ഷണവും ആയി വീട്ടിലേക്ക് തിരിച്ചു വന്നു. അമ്മ കുഞ്ഞു മുയലിനെ വിളിച്ചു. കുഞ്ഞു മുയൽ ഇതെവിടെ, ഇതെന്താ വിളിച്ചിട്ട് വരാത്തത്. എന്ന് അമ്മ ഓർത്തു. എത്ര വിളിച്ചിട്ടും കുഞ്ഞു മുയലിനെ കാണാതായപ്പോൾ, അമ്മ അന്വേഷിച്ച് കാട്ടിലേക്ക് പോയി. കുറെ സമയം കഴിഞ്ഞിട്ടും കുഞ്ഞുമുയലിനെ കാണാനില്ല,നേരം ഈ സമയം ഒരുപാട് വൈകിയിരുന്നു. അപ്പോൾ കുഞ്ഞു മുയലിന് ഭയമായി പെട്ടെന്ന് അവിടെയുള്ള ഒരു മരത്തിൽ ചുവട്ടിൽ, നിലാവെളിച്ചത്തിൽ ഇരുന്ന് അമ്മയെ കണ്ടില്ലല്ലോ? എന്ന  വിഷമത്തിൽ കരയാൻ തുടങ്ങി. കരഞ്ഞു കരഞ്ഞു അവസാനം കുഞ്ഞുമുയൽ ആ മരത്തിൻ ചുവട്ടിൽ കിടന്നുറങ്ങി. ആ സമയത്ത് അമ്മമുയൽ കുഞ്ഞു മുയലിനെ അന്വേഷിച്ച് കാട്ടിൽ തന്നെ നടക്കാൻ തുടങ്ങി. നേരം അങ്ങനെ പുലർന്നു. എത്ര അന്വേഷിച്ചിട്ടും കുഞ്ഞു മുയലിനെ  കാണാനില്ല. ഈ സമയവും കുഞ്ഞുമുയൽ ഉറക്കത്തിൽ നിന്ന് ഉണർന്നിരുന്നില്ല.കുറെ സമയം കഴിഞ്ഞ് അമ്മ മുയൽ കുഞ്ഞുമുയൽ ഉള്ള സ്ഥലത്തേക്ക്എത്തി.അമ്മ ഓടി കുഞ്ഞുമുയലിന്റെ അരികിലെത്തി ഉറക്കത്തിൽ നിന്നും ഉണർത്തി. കുഞ്ഞു മുയൽ അമ്മയെ കണ്ടതിൽ വളരെ സന്തോഷിച്ചു,അമ്മയും സന്തോഷിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ തിരികെ വീട്ടിലേക്ക് പോയി.

ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് അമ്മ മുയലിന്റെയും കുഞ്ഞുമുയലിന്റെയും ആത്മാർത്ഥമായ സ്നേഹമാണ്.

ANUROOP M ANAND

STD : 6


# ജാലിയൻ വാലാബാഗ് കൂട്ടക്കൊല"

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും വേദനാജനകമായ സംഭവമാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊല . ബ്രിട്ടീഷ് ഭരണകൂടം പാസാക്കിയ റൗലറ്റ് നിയമത്തിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യക്കാർ ഏപ്രിൽ 6 – ന് ഹർത്താൽ ആചരിക്കാൻ തീരുമാനിച്ചു. രാജ്യവ്യാപകമായി പ്രതി ഷേധങ്ങൾ ഉയർന്നു. പഞ്ചാബിൽ പ്രതിഷേധങ്ങൾക്ക് നേതൃത്വം കൊടുത്തത് ഡോ.സൈഫുദ്ദീൻ കിച്ച ലുവും ഡോ. സത്യപാലുമായിരുന്നു.ഏപ്രിൽ 10 – ന് ഇവർ രണ്ടുപേരെയും റൗലറ്റ് നിയമപ്രകാരം ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു. ഇതിനെതിരെ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 13–ന് പഞ്ചാബിലെ അമൃത് സറിൽ ജാലിയൻ വാലാ ബാഗ് മൈതാനത്ത് പഞ്ചാബിലെ ജനങ്ങൾ ഒത്തുകൂടി. ചുറ്റിലും മതിൽ കെട്ടിയിട്ടുള്ള പുറത്തേക്കു പോകാൻ ഒരു വഴി മാത്രമുള്ളതുമായ മൈതാനമായിരുന്നു ജാലിയൻ വാലാബാഗ് . നിരായുധരായ ആ ആൾക്കൂട്ടം ബ്രിട്ടീഷ് സർക്കാരിനോട് ഒരു സമാധാന സമരം ഉദ്ദേശിച്ചാണ് അവിടെ എത്തിയത്. എന്നാൽ ജനറൽ ഡയറിന്റെ ഉത്തരവുപ്രകാരം ബ്രിട്ടീഷ് സൈന്യം മൈതാനത്തിന്റെ ഒരേയൊരു കവാടം അടച്ചുപൂട്ടി, നിരായുധരായ ഇന്ത്യക്കാർക്ക് നേരെ അവർ വെടിയുതിർത്തു. വെടിയുണ്ടകൾ തീർന്നു പോകുന്നതുവരെ വെടിവയ്പ്പ് തുടരുകയും അതുവഴി നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. നിരായുധരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി പേർ ബ്രിട്ടീഷ് വെടിവെപ്പിൽ മരിച്ചു വീണു. മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച ഈ സംഭവമാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊല.

VISHNU PRIYA
STD : 9



ANJANA ARAVIND
STD : 8



ANJANA ARAVIND

STD : 8



# CLOUDS

IT IS HOT.
THE SKY IS BLUE.
A LITTLE CLOUD COMES LOOKING
FOR YOU. MORE CLOUDS COME.
THEY BRING RAIN.
SING AND DANCE.
IT's COOL AGAIN.

SHEBIN JACOB
RENNY

STD : 9



Abhirami T S

std : 5

# "തക്ഷകൻ"

പണ്ട് പണ്ട് ഒരു ഋഷി ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം ഘോരമായ തപസ്സിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം ആ തപസ്സ് പൂർത്തിയാക്കാൻ ഒരുങ്ങുന്ന സന്ദർഭത്തിൽ അഹങ്കാരിയായ രാജാവ് അവിടെ എത്തി ആ തപസ്സ് മുടക്കി. ഋഷിക്ക് അത് വളരെ ദേഷ്യം ഉണ്ടാക്കി. ഋഷി ആ രാജാവിന് ഒരു ശാപം നൽകി. തന്റെ പ്രിയ ശിഷ്യൻ നിന്നെ കൊല്ലും, രാജാവ് ഇത് അറിഞ്ഞ നിമിഷം  തന്റെ രാജ്യവും തന്റെ കൊട്ടാരവും വിട്ട് നടുകടലിൽ താമസം തുടങ്ങി. ഇത് അറിഞ്ഞ  ഋഷിയുടെ പ്രിയ ശിഷ്യനായ തക്ഷകൻ ഈ വിവരം ഋഷിയോട് പറഞ്ഞു. എന്ത് ചെയ്യണം എന്ന് ആലോചിക്കുമ്പോൾ ആണ് രാജാവിന്റെ പ്രജകൾ ആഹാരങ്ങളും മറ്റു സാധനങ്ങളും നൽകുന്ന കാര്യം തക്ഷകൻ അറിയുന്നത്. ഒരു മുത്തശ്ശി ഒരു മാമ്പഴം നൽകാൻ തീരുമാനിച്ചു, അടുത്തനിമിഷം തക്ഷകൻ ആ മാമ്പഴത്തിൽ ഒരു പുഴുവായി ഇരുന്നു.രാജാവിന് അമ്മൂമ്മ മാമ്പഴം നൽകി തിരിച്ചു പോയി. രാജാവ് മാമ്പഴം കഴിക്കാൻ എടുത്തതും തക്ഷകൻ തന്റെ സ്വയം രൂപത്തിൽ മാറി രാജാവിനെ കൊന്നു.

ഗുണപാഠം :

മരണത്തെ ഭയന്ന് എവിടെ നമ്മൾ ഏത് ലോകത്ത് പോയി ഒളിച്ചാലും മരണം നമ്മളെ തേടി എത്തും...

AMIRTA SANKAR
std : 8



AJANAN ARAVIND


STD : 8

# കവിത ആസ്വാദനം

## "സൗന്ദര്യലഹരി"

പ്രശസ്ത കവി ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ്യമനോഹരമായൊരു കവിതയാണ്  സൗന്ദര്യ ലഹരി. പ്രകൃതിയുടെ സൗന്ദര്യത്തെക്കുറിച്ച് വർണിക്കുന്ന ഒരു കവിതയാണ് ഇത്. പച്ചിലച്ചാർത്തുകളുടെ പഴുതിലൂടെ നോക്കുമ്പോൾ പടിഞ്ഞാറേ ആകാശമാകുന്ന പനിനീർപൂന്തോട്ടവും പൂർവദിക്കിനെ സിന്ദൂരം പൂശി പൂക്കളെ ചിരിപ്പിച്ചു കൊണ്ടെത്തുന്ന പുലരിയും ഇതെല്ലാം തന്നെ പ്രകൃതിയെ വളരെമനോഹരമാക്കുന്നു എന്ന ◌് കവി പറയുന്നു. മുല്ലമൊട്ടുകൾ വാരി ആകാശത്ത് വിതറികൊണ്ടാണ് സന്ധ്യ വന്നെത്തുന്നത്. പൂനിലാവിൽ കുളിച്ചാണ് രാത്രി എത്തുന്നത്. ഈ കാഴ്ചകളെല്ലാം തന്നെ പ്രകൃതിയെ സൗന്ദര്യാത്മകമാക്കുന്നു.
പ്രകൃതിയുടെ ഈ കാഴ്ചകളെല്ലാം തന്നെ മനുഷ്യ ജീവിതത്തെ മധുരമുള്ളതും പ്രതീക്ഷയുള്ളതുമാക്കുന്നു എന്ന് കവി പറയുന്നു.
പാറക്കെട്ടുകൾ തോറും പളുങ്കുമണി ചിതറിച്ചുകൊണ്ട് മന്ദമൊഴുകുന്ന പൂഞ്ചോലകൾ, തേൻ നുകരാനെത്തുന്ന തേനീച്ചകൾ ഈ അതുല്യ സൗന്ദര്യ കാഴ്ചകൾ മനുഷ്യരെ ജീവിക്കു ജീവിക്കു എന്ന് പ്രേരിപ്പിക്കുന്നു എന്ന് കവി ഇവിടെ പറയുന്നു. വളരെ മനോഹരമായതും വായനക്കാരുടെ മനസ്സിൽ പ്രതീക്ഷയും സന്തോഷവും നിറയ്ക്കുന്നതുമായ ഒരു കവിതയാണിത്. വായനക്കാരുടെ മനസ്സിലേക്ക് പ്രകൃതിയുടെ അതുല്യ സൗന്ദര്യകാഴ്ചകൾ വാക്കുകളിലൂടെ പകർന്നു നൽകുകയാണ് ഈ കവിതയിലൂടെ ചങ്ങമ്പുഴ.

Vishnupriya V
Std : 9



ANJANA ARAVIND

STD : 8

# ബുധനൂർ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന ഒരു പഞ്ചായത്താണ് ബുധനൂർ. ബുദ്ധന്മാരുടെ ഊര് എന്ന് വിശേഷിപ്പിക്കുന്ന ഒരു നാടാണിത്. എക്കൽ അടിഞ്ഞു കൂടുന്ന ഈ പ്രദേശത്ത് പാടശേഖരങ്ങൾ ഒരുപാട്കാണപ്പെടുന്നു. ഒരുകാലത്ത് കേരളത്തിന്റെ നെല്ലറ എന്നും ഈ കൊച്ചു ഗ്രാമം അറിയപ്പെട്ടിരുന്നു.




ബുധനൂരിലെ ആദ്യ സ്കൂളാണ് ജി.എച്ച്.എസ്.എസ് ബുധനൂർ. ആദ്യം എൽപി സ്കൂൾ ആയിരുന്നു പിന്നീട് ഇപ്പോൾഹയർ സെക്കൻഡറി ആണ്.

ബുധനൂരിലെ പ്രധാന ആരാധനാലയങ്ങളിൽ ഒന്നാണ്ശ്രീ കുന്നത്തുളങ്ങര ദേവി ക്ഷേത്രം. പള്ളി വിളക്ക്ഈ അമ്പലത്തിന്റെ പ്രത്യേകതയാണ്.
പടിഞ്ഞാറ്റിൻചേരിയിൽ കാണപ്പെടുന്ന ശ്രീ ബ്രഹ്മണ്യ ക്ഷേത്രവും, കാവടിയാട്ടവും മറ്റൊരു പ്രത്യേകതയാണ്.
സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളി ഇവിടെ സ്ഥിതി ചെയ്യുന്നു. ഫെബ്രുവരി മാസത്തിലാണ് ഇവിടുത്തെ പെരുന്നാൾ.

കണ്ണങ്കരത്ത് ചാലും, അച്ചാങ്കരതോടും, അച്ഛൻകോവിൽ ആറും, പമ്പ എന്നിവയും പ്രധാന ജലസ്രോതസുകളാണ്.

പ്രധാനപ്പെട്ട വ്യവസായം കട്ടച്ചൂള ആയിരുന്നു. ബുധനൂരിലെ ആദ്യത്തെ സമരം കുടി കിടപ്പിനു വേണ്ടിയായിരുന്നു. ഇതിനുവേണ്ടി അനവധി പേർ ശബ്ദമുയർത്തി. മുൻ സ്പീക്കർ ശ്രീ. ആർ രാജശേഖരൻ തമ്പി, കാഞ്ഞിരവിളയിൽ കൃഷ്ണപിള്ള, തങ്കമ്മ, മത്തായിതുടങ്ങിയവർ ഉൾപ്പെടുന്നു.




Athulya Vinod
class : 10

# "മരണം ഇല്ലാത്ത വൃക്ഷം"

ഒരിടത്ത് ഒരു വയസ്സനായ വൃക്ഷം ഉണ്ടായിരുന്നു. എങ്കിലും ആ വൃക്ഷം ഒരുപാട് ജീവികൾക്ക് തണലും സംരക്ഷണവും നൽകിയിരുന്നു. ആ വൃക്ഷത്തിൽ ജീവിച്ചിരുന്ന ജീവജാലങ്ങൾക്ക് ആ വൃക്ഷം തങ്ങളുടെ അമ്മയെ പോലെയായിരുന്നു. അങ്ങനെ സന്തോഷമായി അവർ ജീവിക്കെ. ആ കാട്ടിൽ കടുത്ത വേനലും വരൾച്ചയും വന്നു. പതുക്കെ ആ മരത്തിൽ ഉണ്ടായിരുന്ന ഇലകൾ കൊഴിയാനും ഉണങ്ങാനും തുടങ്ങി. അപ്പോഴാണ് അടുത്ത കാട്ടിൽ ധാരാളം മരങ്ങൾ ഉണ്ടെന്നും എല്ലാകാലത്തും ആ കാട്ടിൽ പച്ചപ്പ് നിലനിർത്തുമെന്നും ജീവികൾ അറിഞ്ഞത്. ആ വയസ്സായ മരത്തിൽ നിന്നും ജീവജാലങ്ങൾ മറുകാടിലേക്ക് ചേക്കേറി. പക്ഷേ കുരുവി മാത്രം മരത്തിൽ നിന്നു.ആ കിളി തനിക്ക് ആകുന്നതുപോലെ മരത്തെ രക്ഷിക്കാൻ നോക്കി. ഇതൊക്കെ കണ്ട് കിളിപ്പെണ്ണിനോട് മരം ചോദിച്ചു, "കുഞ്ഞേ നീ മാത്രം എന്താ മരുക്കാട്ടിലേക്ക് പോകാത്തത്?" കുരുവി മറുപടി പറഞ്ഞു, അമ്മയെ വിട്ടു പോകാൻ എനിക്ക് പറ്റില്ല കാരണം അമ്മയല്ലേ എന്നെ ഇത്രയും കാലം സംരക്ഷിച്ചത്. പിന്നെ എങ്ങനെ ഞാൻ അമ്മയെ വിട്ടു പോകും എന്തുവന്നാലും നമുക്ക് ഒരുമിച്ച് നേരിടാം.

അങ്ങനെ വർഷങ്ങൾ കടന്നുപോയി കിളിയും വൃക്ഷവും സന്തോഷത്തോടെ ജീവിച്ചു തുടങ്ങി...

AHANYAMOL

STD : 8

# RIDDLES

1. I HAVE A RING WITH NO FINGERS. WHAT AM I ?

Ans: A TELEPHONE

2. PEOPLE BUY ME TO EAT, BUT NEVER EAT ME. WHAT AM I ?

Ans: A PLATE

3. WHAT CAN BE MEASURED BUT HAS NO LENGTH, WIDTH OR HEIGHT ?

Ans: TEMPERATURE

4. WHAT SLEEPS THROUGH THE DAY AND CRIES THROUGH THE NIGHT.
THE. MORE IT CRIES. THE MORE IT CREATES LIGHT ?

Ans: A CANDLE

5. USING ONLY ADDITION, HOW CAN YOU ADD EIGHT 8's TO GET THE
NUMBER 1000 ?

Ans: 888+88+8+8+8 = 1,000


6. WHAT CAN RUN BUT CANNOT WALK ?

Ans: WATER

7. YOU'LL FIND ME IN MERCURY,EARTH,MARS AND JUPITER, BUT NOT IN VENUS OR NETUNE. WHAT AM I ?

Ans: THE LETTER "R"

ANOOP M ANAND
STD : 9



ANSON E JOHN
STD : 9




karthik J S

STD : 9

# ഉപ്പ് സത്യാഗ്രഹം



ANSON E JOHN
STD : 9

# " ഒരു മോഹം "

മഴയായി പെയ്യുവാൻ
ഉണ്ടായിരുന്നു എനിക്കൊരു മോഹം എങ്കിലും
പമ്പാ നദിയുടെ തീരത്ത് ചെന്നൊന്ന് ഒരു നോക്ക് കാണാൻ
മോഹം
വാനിൽ പെയ്യുന്ന മണിമുത്ത് പോലുള്ള നിന്നെ തഴുകാൻ
മോഹം
നിന്നെ വിട്ടൊരു നിമിഷം പോലുമീ എൻ ഉള്ളിൽ വന്നൊരു
വേദന
നീയില്ലെങ്കിൽ എൻ ജീവനെന്നെ എന്നേക്കുമായി വിട്ടു
പോകും.

( മഴയായി)

ANJANA ARAVIND,
AHANYAMOL,
AMIRTA SANKAR
STD: 8

# "മഴ"

തുള്ളി പാഞ്ഞു വരുന്ന മഴയെ...
തുള്ളിക്കൊരുകുടം മഴ
കൊള്ളാം കൊള്ളാം ഈ മഴയെ...
മധുരമഴ സ്നേഹമഴയെ...
മണ്ണിൽപെയ്യും ഈ മഴയെ...
തുള്ളി പാഞ്ഞു വരുന്ന മഴയെ...
മനസ്സിൽ പതിയുന്ന മഴയെ... കുളിർമയേകും മനസ്സിൽ...
കാണാൻ കൊതിക്കുന്നു നിന്നെ...
വാനിൽ നിന്ന് വരുമോ നീ?
എന്നോടൊത്ത് കളിക്കുമോ നീ?
ഒന്നു തൊട്ടു കാണാൻ വരുമോ?
പൊൻമഴയായി പെയ്യുമോ നീ!
നിന്നോടൊന്നു കൂട്ടുകൂടി കളിക്കാൻ...
എത്ര നാളായി നിന്നോടൊന്ന്   മിണ്ടാൻ...
മഴയെ മഴയെ പൊൻ മഴയെ...
ബാർമഴവില്ലിനെ കാട്ടിത്തരുമോ നീ?
മഴയൊന്ന് പെയ്തിട്ട് തരുമോ നീ?
എന്നോടൊപ്പം എപ്പോഴും വേണം.
എന്നെ വിട്ടു പിരിയല്ലേ നീ.....

MEREENA,
AKSHAYA
STD : 8